വരയിൽ വിരിഞ്ഞ ചിരി...

CAPITAL CLICK
കെ.ബി.ജയചന്ദ്രൻ



തിരുവനന്തപുരം മണക്കാട് കാർത്തിക തിരുനാൾ ഗവ. ഗേൾസ് വിഎച്ച്എസ്എസിൽ നടന്ന സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവ ഉദ്ഘാടന വേദിയിൽ മുഖ്യമന്ത്രി വി.ഡി. സതീശന് , ലോഹത്തകിടിൽ മുഖ്യമന്ത്രിയുടെ മുഖചിത്രത്തിൽ സിംഹമുദ്രയും ചേർത്ത് സ്വന്തം കൈകളാൽ വരച്ച ചിത്രം സമ്മാനിച്ച് പത്താം ക്ലാസ് വിദ്യാർഥിനി എസ്. ജ്യോതിക. ഏഷ്യൻ ഗെയിംസ് വേദിയിൽ കേരളത്തിന്റെ കായിക പാരമ്പര്യം ചിത്രീകരിച്ച പെയിന്റിംഗിലൂടെ ശ്രദ്ധേയയായ ജ്യോതികയുടെ സമ്മാനം കണ്ടാസ്വദിച്ച് വിദ്യാഭ്യാസമന്ത്രി എൻ. ഷംസുദ്ദീനുമായി നർമ്മം പങ്കിടുന്ന മുഖ്യമന്ത്രി (ഇൻസെറ്റിൽ ചിത്രം നൽകിയ ജ്യോതികയെ മുഖ്യമന്ത്രി അഭിനന്ദിക്കുന്നു).

ബൈക്കും വാനും കൂട്ടിയിടിച്ച് ബൈക്ക് യാത്രികന് പരുക്ക്

കിളിമാനൂർ: പാപ്പാല ജംഗ്ഷനിൽ ബൈക്കും പിക്കപ്പ് വാനും കൂട്ടിയിടിച്ച് ബൈക്ക് യാത്രികന് പരുക്ക്. പൂവൻപാറ നസീർ മൻസിലിൽ ഷംനാദ് (40) നാണ് പരുക്കേറ്റത്. കഴിഞ്ഞ ദിവസം വൈകുന്നേരം 6 മണിയോടെയായിരുന്നു അപകടം. കിളിമാനൂർ ഭാഗത്തു നിന്നും നിലമേൽ ഭാഗത്തേക്ക് പോകുകയായിരുന്ന ഷംനാദിന്റെ ബൈക്കും എതിർദിശയിൽ വന്ന പിക്കപ്പ് വാനും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. പരുക്കേറ്റ ഷംനാദിനെ ഉടൻ ഗോകുലം മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കാറിടിച്ച് കാൽനട യാത്രികയ്ക്ക് പരുക്ക്

വെഞ്ഞാറമൂട്: കാറിടിച്ച് കാൽനട യാത്രികക്ക് പരുക്ക്. കല്ലറ ചെറുവാളം നന്ദു ഭവനിൽ ബിന്ദുവിനാണ്(52) പരുക്കേറ്റത്. കഴിഞ്ഞ ദിവസം ഉച്ചക്ക് 12.30ന് എംസി റോഡിൽ വെഞ്ഞാറമൂട് ഗവ. എൽപി സ്കൂളിന് മുന്നിലായിരുന്നു അപകടം. വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെത്തിയ ബിന്ദു റോഡ് മുറിച്ച് കടക്കാൻ കാത്ത് നിലക്കുന്നതിനിടെ കാറേറ്റ് ഭാഗത്ത് നിന്നും വന്ന കാർ ഇടിക്കുകയായിരുന്നു. അപകടത്തിൽ പരുക്കേറ്റ ഇവരെ നാട്ടുകാർ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു.

സങ്കീർണ അസ്ഥിശസ്ത്രക്രിയകൾ ഇനി പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലും

മുട്ട്, ഇടുപ്പ് സന്ധികൾ മാറ്റിവയ്ക്കലും ആർത്രോസ്കോപ്പിയും കുറഞ്ഞ ചെലവിൽ

തിരുവനന്തപുരം: സങ്കീർണമായ അസ്ഥിരോഗ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള ആധുനിക ചികിത്സാ സൗകര്യങ്ങളൊരുക്കി പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി സാധാരണക്കാർക്ക് കൂടുതൽ ആശ്വാസമാകുന്നു. മുട്ട്, ഇടുപ്പ് സന്ധികൾ മാറ്റിവയ്ക്കുന്ന ജോയിന്റ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയകൾ, സങ്കീർണമായ എല്ലുപൊട്ടലുകൾക്കുള്ള ശസ്ത്രക്രിയകൾ, താക്കോൽദ്വാര ശസ്ത്രക്രിയയായ ആർത്രോസ്കോപ്പി എന്നിവയ്ക്കുള്ള സൗകര്യങ്ങളാണ് ആശുപത്രിയിൽ സജ്ജമാക്കിയിട്ടുള്ളത്. രണ്ടുമാസത്തിനിടെ ഇത്തരത്തിലുള്ള പത്തോളം ശസ്ത്രക്രിയകളാണ് നടന്നത്. മെഡിക്കൽ കോളെജുകൾക്ക് സമാനമായ ചികിത്സാ സംവിധാനങ്ങളൊരുക്കി താഴേത്തട്ടിലെ ആശുപത്രികളെ ശക്തിപ്പെടുത്തുകയെന്നത് സർക്കാർ നയമാണെന്നും ഇതിന്റെ ഭാഗമായാണ് പേരൂർക്കട ആശുപത്രിയിലെ മാറ്റമെന്നും ആരോഗ്യ ദേവസ്വം മന്ത്രി കെ. മുരളീധരൻ പറഞ്ഞു. സ്പെഷ്യാലിറ്റി,സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരെ അവരുടെ സേവനം പ്രയോജനപ്പെടുത്തുകയാണ് സർക്കാർ ലക്ഷ്യം. സർക്കാർ സംവിധാനത്തിന് കീഴിൽ ജില്ലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ജനറൽ ആശുപത്രിയിലും മാത്രം ലഭ്യമായിരുന്ന ഇത്തരം ശാസ്ത്രക്രിയകൾ പേരൂർക്കട ആശുപത്രിയിലും വിജയകരമായി നടത്തുന്നതോടെ മെഡിക്കൽ കോളേജിലെ തിരക്കും ചികിത്സയ്ക്കായുള്ള നീണ്ട കാത്തിരിപ്പും ഒഴിവാക്കാൻ സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്വകാര്യ ആശുപത്രികളിൽ വലിയ സാമ്പത്തിക ബാധ്യത വരുത്തുന്ന ഇത്തരം സങ്കീർണ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രിയിലൂടെ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നത് സാധാരണക്കാർക്ക് വലിയ ആശ്വാസമാണെന്ന് പേരൂർക്കട ആശുപത്രിയിൽ ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകുന്ന ഓർത്തോപീഡിക് സർജൻ ഡോ. വിവേക് മാത്യു പറഞ്ഞു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി(കെഎഎസ്പി), മെഡിസെപ് തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യമുള്ളവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. ആശുപത്രി സൂപ്രണ്ട് ഡോ. അനു, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ബിന്ദു, ആർഎംഒ ഡോ. അനിൽ രാധാകൃഷ്ണൻ, ഓർത്തോപീഡിക് വിഭാഗത്തിലെ ഡോ. വി.എസ്. വിനോദ്, അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ആരതി, ഡോ. വിനായക് എന്നിവരുടെയും നഴ്സിങ്, പാരാമെഡിക്കൽ ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനമാണ് ആശുപത്രിയുടെ ഈ നേട്ടത്തിന് പിന്നിൽ. ആധുനിക ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ലഭ്യമാകുന്നതോടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ അടക്കമുള്ള നിരവധി രോഗികൾക്ക് മികച്ച കേന്ദ്രമായി പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി മാറുകയാണ്.



ആശുപത്രിയിലെ ഡോക്ടർമാർ നേഴ്സിംഗ് സ്റ്റാഫുകൾക്കൊപ്പം.

നട്ടെല്ല് ശസ്ത്രക്രിയകളും ഉടൻ

അസ്ഥിരോഗ ചികിത്സാ രംഗത്തെ സേവനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി നട്ടെല്ല് സംബന്ധമായ സങ്കീർണ ശസ്ത്രക്രിയകളും ഭാവിയിൽ ആശുപത്രിയിൽ ആരംഭിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിനായുള്ള പ്രാഥമിക ശ്രമങ്ങൾ ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്ന് ആരംഭിച്ചതായി ഡോ. വിവേക് മാത്യു പറഞ്ഞു. ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഒരുക്കാനായാൽ നട്ടെല്ല് ശസ്ത്രക്രിയകളും ഇവിടെ ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷ. നിലവിൽ തിരുവനന്തപുരം ജില്ലയിൽ സർക്കാർ സംവിധാനത്തിൽ നട്ടെല്ല് ശസ്ത്രക്രിയയ്ക്ക് സൗകര്യമുള്ളത് മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാത്രമാണ്. പേരൂർക്കട ആശുപത്രിയിലും നട്ടെല്ല് ശസ്ത്രക്രിയകൾ യാഥാർഥ്യമാകുന്നതോടെ കൂടുതൽ രോഗികൾക്ക് സമയബന്ധിതമായി ചികിത്സ നൽകാനാകും.

ചിത്രാഞ്ജലി സ്റ്റുഡിയോ റാമോജിറാവു ഫിലിം സിറ്റി മാതൃകയിൽ വികസിപ്പിക്കണം

തിരുവനന്തപുരം: തലസ്ഥാനത്തെ ചിത്രാഞ്ജലി ഫിലിം സ്റ്റുഡിയോ ഹൈദരാബാദിലെ റാമോജി റാവു ഫിലിം സിറ്റി മാതൃകയിൽ വികസിപ്പിക്കണമെന്ന് കേരളാ കോൺഗ്രസ്(എം) സംസ്ഥാന ജനറൽ സെക്രട്ടറി കെ. ആനന്ദകുമാർ ആവശ്യപ്പെട്ടു. ചലച്ചിത്ര പ്രവർത്തനങ്ങളിലൂടെയും ടൂറിസം സാധ്യതയിലൂടെയും കോടികളുടെ വരുമാനമുണ്ടാക്കാവുന്ന തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാർ തയ്യാറാവണം. മലയാള ചലച്ചിത്രത്തിന്റെ പിതാവായ ജെ.സി. ഡാനിയേലിന്റെ പേരിൽ 100 കോടി മുടക്കി എറണാകുളത്ത് പുതിയ ഫിലിം സിറ്റി സ്ഥാപിക്കാനുള്ള പദ്ധതി സ്വാഗതാർഹമാണ്. ചിത്രാഞ്ജലിയെ ലോകോത്തര നിലവാരത്തിൽ വികസിപ്പിച്ചാൽ ചലച്ചിത്ര സമൂഹത്തിനും വ്യവസായത്തിനും ചലച്ചിത്ര ഗവേഷകർക്കും അത് ഏറെ ഗുണകരവുമാകുമെന്നും ഫിലിം സെൻസർ ബോർഡ് അംഗം കൂടി ആയിരുന്ന ആനന്ദകുമാർ ചൂണ്ടിക്കാട്ടി.

ഇന്ത്യൻ ബിനാലെയിൽ സമകാലിക കലാപ്രദർശനത്തിലേക്ക് ശരണും

തിരുവനന്തപുരം: കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഡിസംബർ മുതൽ മാർച്ച് വരെ ഡൽഹിയിലെ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന ഇന്ത്യൻ കലാവിദ്യാർഥികളുടെ സമകാലിക കലാപ്രദർശനമായ ഇന്ത്യൻ സ്റ്റുഡൻസ് ബിനാലെയിലേക്ക് കേരളത്തിൽ നിന്നും തിരുവനന്തപുരം ഫൈൻ ആർട്സ് കോളെജ് എംഎഫ്എ പെയിന്റിംഗ് വിദ്യാർഥിയായ എസ്. ശരണിന്റെ ചിത്രങ്ങളും സ്ഥാനം പിടിക്കും. തൊള്ളായിരത്തിൽ പരം അപേക്ഷകളിൽ നിന്നും ആണ് ശരണിനെ തെരഞ്ഞെടുത്തത് കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിന്നും ബിഎഫ്എ ബിരുദം നേടിയതിനു ശേഷമാണ് തിരുവനന്തപുരം ഫൈൻ ആർട്സിൽ എംഎഫ്എയിലേയ്ക്ക് ചേർന്നത്. ഈ വർഷത്തെ കേരള ലളിത കലാ അക്കാദമിയുടെ ഗ്രൂപ്പ് ഷോയിലേക്ക് ശരണിനെ തിരഞ്ഞെടുത്തിട്ടുണ്ട് യഥാതഥാശൈലിയെ മാറ്റിമറിക്കുന്ന സ്വപ്നാത്മകമായ ദർശനങ്ങളിലൂടെയുള്ള സഞ്ചാരമാണ് ശരണിന്റെ ചിത്രങ്ങളിൽ കാണുന്നത് കൊല്ലം ആശ്രാമം ലക്ഷ്മണ നഗർ 34 പുതിയാടത്ത് വീട്ടിൽ എസ്. സുരേഷ് കുമാറിന്റേയും ബിന്ദുവിന്റേയും മകനാണ് ശരൺ. സഹോദരി ശിൽപ നഴ്സ് ആണ്.



ശരൺ വരച്ച ചിത്രം (ഇൻസൈറ്റിൽ ശരൺ)



മഹാത്മാ പുരസ്കാരം യുഎസ്ടി അധികൃതർ ഏറ്റുവാങ്ങുന്നു.

ആരോഗ്യ-ക്ഷേമ രംഗത്തെ മികവിന് മഹാത്മാ പുരസ്കാരം യുഎസ്ടിക്ക്

തിരുവനന്തപുരം: എഐ, ടെക്നോളജി ട്രാൻസ്ഫർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യുഎസ് ടിയ്ക്ക് 2025-2026-ലെ ആരോഗ്യ-ക്ഷേമ രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള മഹാത്മാ അവാർഡ് ലഭിച്ചു. സിഎസ്ആർ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആളുകൾക്ക് ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിനും സമൂഹത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിനുമുള്ള അംഗീകാരമായാണ് ഈ പുരസ്കാരം ലഭിച്ചത്. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ ജീവിതവും ആശയങ്ങളും അടിസ്ഥാനമാക്കിയാണ് മഹാത്മാ അവാർഡുകൾ നൽകുന്നത്. സമൂഹത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരാനും എല്ലാവർക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കാനും സുസ്ഥിരമായ സമൂഹം കെട്ടിപ്പടുക്കാനും പ്രവർത്തിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും ഈ പുരസ്കാരത്തിലൂടെ ആദരിക്കുന്നു. പ്രശസ്ത ഗാന്ധിയനും അഭിഭാഷകനുമായ അമിത് സച്ച്ദേവയാണ് ഈ അവാർഡ് ആരംഭിച്ചത്. ആദിത്യ ബിർള സെന്റർ ഫോർ റൂറൽ ഡെവലപ്മെന്റ് ആൻഡ് കമ്മ്യൂണിക്കേഷൻ ഇനിഷ്യേറ്റീവ്സിന്റെ ചെയർപേഴ്സണായ രാജശ്രീ ബിർളയുടെ പിന്തുണയോടെയുള്ളതാണ് ഈ പുരസ്കാരം.

പുലരി ടിവി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് മല്ലിക സുകുമാരന്

തിരുവനന്തപുരം: നാലാമത് ഇന്റർനാഷണൽ പുലരി ടിവി അവാർഡിന് ചലച്ചിത്ര, ടെലിവിഷൻ താരം മല്ലിക സുകുമാരൻ, ചലച്ചിത്ര സംവിധായകനും പുലരി ടിവിയുടെ പ്രോഗ്രാം ഹെഡുമായിരുന്ന ജോളി മസിന്റെ സ്മരണാർത്ഥമുള്ള 'ജോളിമസ് മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹയായി. പ്രസ് ക്ലബ്ബിൽ നടന്ന പത്രസമ്മേളനത്തിൽ പ്രശസ്ത ചലച്ചിത്ര സംവിധായകനും അവാർഡ് ജൂറി ചെയർമാനുമായ ടി.എസ്. സുരേഷ് ബാബുവാണ് അവാർഡ് പ്രഖ്യാപനം നടത്തിയത്. അഞ്ചു പതിറ്റാണ്ടിലേറെയായി ചലച്ചിത്ര-ടെലിവിഷൻ മേഖലയ്ക്ക് നൽകിയ സംഭാവനകൾക്കും, ഒപ്പം അവർ താണ്ടിയെത്തിയ അസാധാരണ ജീവിതയാത്രയ്ക്കുമുള്ള അംഗീകാരമായാണ് മല്ലിക സുകുമാരനെ ഈ അവാർഡിന് അർഹയാക്കിയത്. വാർത്താസമ്മേളനത്തിൽ മറ്റ് നിരവധി അവാർഡുകളും പ്രഖ്യാപിച്ചു. സി.വി. പ്രേംകുമാർ, സിത്താര ബാലകൃഷ്ണൻ, അജയ് തുണ്ടത്തിൽ, ജിട്രസ് ജോഹന്നാൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു. ഡിസംബർ 6ന് തിരുവനന്തപുരം ഏരീസ് പ്ലക്സിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും.



പിരപ്പൻകോട്ട് ഇടിമിന്നലിൽ വീട്ടുപകരണങ്ങൾ കത്തിനശിച്ചു

വെഞ്ഞാറമൂട്: പിരപ്പൻകോട് പ്രദേശത്ത് ഇന്നലെ വൈകുന്നേരമുണ്ടായ ശക്തമായ ഇടിമിന്നലിൽ വ്യാപക നാശനഷ്ടം. വീടുകളിലെ ഇലക്ട്രിക്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ പൂർണമായോ ഭാഗികമായോ കത്തിനശിച്ചു. ആളപായമില്ലെങ്കിലും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായതായാണ് പ്രാഥമിക വിവരം. ഇന്നലെ വൈകിട്ട മൂന്ന് മണിയോടെയാണ് പിരപ്പൻകോട് പാലവിള മേഖലയിൽ ഇടിമിന്നലോടുകൂടിയ ശക്തമായ മഴ പെയ്തത്. ഈ സമയത്തുണ്ടായ കനത്ത മിന്നലിൽ പാലവിള കളിവീട്ടിൽ ഗിരീഷിന്റെ വീട്ടിനുള്ളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾപൊട്ടിത്തെറിക്കുകയുണ്ടായി. ഗിരീഷിന്റെ വീടിന്റെ ടിവി, ഫാനുകൾ, സ്വിച്ച് ബോർഡുകൾ, ലൈറ്റുകൾ എന്നിവയാണ് മിന്നലേറ്റു തകർന്നത്. ഈ സമയം വീട്ടിൽ ആളില്ലാത്തതിനാൽ വൻ ദുരന്തം ഒഴിവായി. ഇതേതുടർന്നുണ്ടായ സമാനമായ സംഭവങ്ങളിൽ സമീപവാസികളായ മറ്റ് രണ്ട് വീടുകളിലെയും ഉപകരണങ്ങൾ കത്തിനശിച്ചിട്ടുണ്ട്. പാലവിള കാർത്തികയിൽ ബാബുവിന്റെ കിണറ്റിലെ മോട്ടർ, മെയിൻ സ്വിച്ച്, ഫാനുകൾ എന്നിവയും, പാലവിള ഹരിനന്ദനത്തിൽ ഹരിയുടെ കിണറ്റിലെ മോട്ടർ, വീട്ടിലെ ഫാനുകൾ എന്നിവയുമാണ് നശിച്ചത്. മിന്നലിന്റെ ആഘാതത്തിൽ വീടുകളുടെ ഇലക്ട്രിക്കൽ വയറിങ് സംവിധാനങ്ങളും തകരാറിലായിട്ടുണ്ട്.



ദി കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡ്

ഒഎംസി/ആർഎ & പിബി ഡിവിഷൻ, ഗ്രൗണ്ട് ഫ്ലോർ, വിട്ടു നമ്പർ 8-2-269/10, പ്ലോട്ട് നമ്പർ 2/A, ട്രെൻഡ്സെറ്റ് ടവേഴ്സ്, റോഡ് നമ്പർ 2, ബഞ്ചാര ഹിൽസ്, ഹൈദരാബാദ്-500034, തെലങ്കാന സംസ്ഥാനം.

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റർസ്റ്റ് ആക്ട് പ്രകാരവും 2002ലെ സെക്യൂരിറ്റി ഇന്റർസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8(6) പ്രകാരം സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്

പൊതുജനങ്ങൾക്കും പൊതുവായും വായ്പക്കാർ/ജാമ്യക്കാർ എന്നിവർക്ക് പ്രത്യേകിച്ചും ഇതിനാൽ നൽകുന്ന നോട്ടീസ് എന്തെന്നാൽ, സെക്യൂർഡ് ക്രെഡിറ്റേറായ ദി കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡിന് പണയംവെച്ചിട്ടുള്ളതും/ബാധ്യതപ്പെടുത്തിയിട്ടുള്ളതും, ദി കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫിസർ പൊസഷൻ എറ്റെടുത്തിട്ടുള്ളതുമായ താഴെ വിവരിക്കുന്ന സ്ഥാവര സ്ഥലം 'എവിടെയാണോ ഉള്ളത് രീതിയിലും', 'എന്തു അവസ്ഥയിലാണോ ഉള്ളത് രീതിയിലും', 'എന്തൊക്കെയാണോ ഉള്ളത് രീതിയിലും' 27/11/2026 തിയതിയിൽ വിൽപ്പന നടത്തുന്നതാണ്. സെക്യൂർഡ് ക്രെഡിറ്റേറായ ദി കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡിലേക്ക് (1) ശ്രീ. എസ്. സുധീർ സത്യൻ, (2) ശ്രീമതി. എസ്.ജി. സൗമ്യ മോൾ, (3) M/s നവീൻ എന്റർപ്രൈസസ്, പ്രൊപ്പ്രൈറ്റർഷിപ്പ് സ്ഥാപനം, പ്രതിനിധികരിക്കുന്നത്- പ്രോപ്രൈറ്റർ ശ്രീ. എസ്. സുധീർ സത്യൻ, ഓഫിസ് വിലാസം: നമ്പർ TP-VII-1723, ജെ.ബി. ബിൽഡിങ്, നവീൻ എന്റർപ്രൈസസ്, തിരുപുറം, തിരുവനന്തപുരം-695133, കേരള സംസ്ഥാനം; കൂടാതെ മേൽപ്പറഞ്ഞ 3 പേരുടെയും താമസം: കൊട്ടാരത്തേരി വീട്, കുളത്തൂർ, പ്ലാമൂടുകട, തിരുവനന്തപുരം-695122, കേരള സംസ്ഥാനം; മറ്റു വിലാസം: ഡോർ നമ്പർ 21/A, സർവെ നമ്പറുകൾ 495/10, 495/12, 495/15, ബ്ലോക്ക് നമ്പർ 44, പെങ്കൽ വില്ലേജ് & ഗ്രാമപഞ്ചായത്ത്, നെല്ലൂർറിൻകര താലൂക്ക്, ആന്ധ്രാപ്രദേശ്, അമരവിള സബ് ഡിസ്ട്രിക്റ്റ്, തിരുവനന്തപുരം ജില്ല, കേരള സംസ്ഥാനം-695122, എന്നിവരിൽ നിന്നും തിരികെ ലഭിക്കാനുള്ള 03/11/2026 പ്രകാരമുള്ള കുടിശിക തുക Rs. 1,55,11,039/- (ഒരു കോടി അമ്പത്തഞ്ചു ലക്ഷത്തി പതിനൊന്നായിരത്തി മുപ്പത്തൊമ്പതു രൂപ രൂപയും, അതിന്മേൽ 04/11/2026 മുതലുള്ള പലിശയും ചെലവുകളും ഈടാക്കുന്നതിലേക്കായാണ് ഈ വിൽപ്പന. താഴെപ്പറയുന്ന സ്ഥലത്തിന്റെ റിസർവ് വില Rs. 1,55,00,000/- (ഒരു കോടി അമ്പത്തഞ്ചു ലക്ഷം രൂപ), നിരതദ്രവ്യ നിക്ഷേപത്തുക Rs. 15,50,000/- (പതിനഞ്ചു ലക്ഷത്തി അമ്പതിനായിരം രൂപ) എന്നിങ്ങനെയാണ്.

സ്ഥാവര സ്ഥലത്തിന്റെ വിവരണം: ഷെഡ്യൂൾ-എ: ശ്രീ. എസ്. സുധീർ സത്യന്റെ പേരിൽ സ്ഥിതിചെയ്യുന്ന ജാമ്യവസ്തുവിന്റെ വിവരങ്ങൾ:- തിരുവനന്തപുരം ജില്ലയിൽ അവനവിള സബ് ജില്ലയിൽ നെല്ലൂർറിൻകര താലൂക്കിൽ പെങ്കൽ വില്ലേജ് & ഗ്രാമപഞ്ചായത്തിൽ ആറായിരം ദേശത്ത് ബ്ലോക്ക് നമ്പർ 44ൽ, സർവെ നമ്പർ 495/10ലെ 3.64 ആർ പ്രഴയ സർവെ നമ്പർ 334/4), സർവെ നമ്പർ 495/15ലെ 0.89 ആർ പ്രഴയ സർവെ നമ്പർ 334/3), സർവെ നമ്പർ 495/15ലെ 1.21 ആർ പ്രഴയ സർവെ നമ്പർ 334/3), സർവെ നമ്പർ 495/12ലെ 1.55 ആർ പ്രഴയ സർവെ നമ്പർ 334/3), സർവെ നമ്പർ 495/10ലെ 3.83 ആർ പ്രഴയ സർവെ നമ്പർ 334/3-4) എന്നിങ്ങനെ ആകെ 11.12 ആർ സ്ഥലവും അതിലുള്ള ഡോർ നമ്പർ 21/A വെസ്റ്റിൻഡീസ് കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ. അതിരുകൾ: വടക്ക്: മുരളീധരൻ നായരുടെ സ്ഥലം, തെക്ക്: ഷേർലിയുടെ സ്ഥലം, കിഴക്ക്: സുനിൽദാസിന്റെ സ്ഥലം, പടിഞ്ഞാറ്: ദൈവാദാനന്റെ സ്ഥലം.

വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഞങ്ങളുടെ ബാങ്കിന്റെ/സെക്യേർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റായ www.kvb.co.in/Property Under Auction എന്ന ലിങ്കോ, അല്ലെങ്കിൽ സർവീസ് പ്രൊവൈഡറായ M/s ഏക്ലാഷെർ, നമ്പർ 605A, 6ം നില, ബ്രൈതിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന സംസ്ഥാനം എന്നതിന്റെ https://bankauctions.in എന്ന വെബ്പോർട്ടലോ സന്ദർശിക്കുക. ഹെൽപ്പ് ലൈൻ നമ്പറുകൾ: ശ്രീ. ജയപ്രകാശ് റെഡ്ഡി മൊബൈൽ നമ്പർ: 8142000064, ഇ-മെയിൽ ഐഡി: prakash@bankauctions.in, info@bankauctions.in, കുമാരി തൃഷല മൊബൈൽ നമ്പർ: 8142000066, ശ്രീ. വിഷ്ണു എസ്: 8075577255, ശ്രീ വിഡിവി. പ്രസാദ്: 9493330003, സന്തോഷ് സിഎം: 9886856576.

2002ലെ സർഫേസി ആക്റ്റിലെ റൂൾ 9(1) പ്രകാരമുള്ള നിയമാനുസൃത 15 ദിവസത്തെ നോട്ടീസ്.

വായ്പക്കാരും ജാമ്യക്കാരും മേൽപ്പറഞ്ഞ കുടിശിക തുകയും അതിന്മേലുള്ള അനുബന്ധരൊക്കുള്ള പലിശയും അനുബന്ധ ചെലവുകളും ഇ-ലേല തീയതിക്ക് മുൻപായി അടച്ചു തീർക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു. വീഴ്ച വരുത്തുന്ന പക്ഷം ഷെഡ്യൂൾ വസ്തു ലേലം ചെയ്യുകയോ/വിൽക്കുകയോ ചെയ്യുന്നതും, ബാക്കി കുടിശിക തുക എന്തെങ്കിലും ഉണ്ടെങ്കിൽ അത് പലിശയും ചെലവുകളും സഹിതം ഈടാക്കുന്നതുമായിരിക്കും.

സ്ഥലം: ഹൈദരാബാദ്
തിയതി: 06.11.2026

ഒപ്പ്/- അംഗീകൃത ഓഫിസർ
ദി കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡ്

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റർ ചെയ്ത ഓഫിസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ്-09, ബ്രാഞ്ച് ഓഫിസ്:- മ്യൂസ്സേഴ്സ് എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, 'ദി ആർട്ട് ഓഫ് ലിവിംഗ് ടവർ', 13-ാം ക്രോസ് റോഡ്, എസ്.ബി.ടി അവന്യൂ, പാസ്പോർട്ട് ഓഫിസിന് സമീപം, പന്നിപള്ളി നഗർ, കൊച്ചി - 682036, കേരളം.

ലേല വിൽപ്പന നോട്ടീസ്, ഇ-ലേല വിൽപ്പന നോട്ടീസ്

(വായ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) പ്രകാരം വായിക്കുക.

സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റർസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇന്റർസ്റ്റ് (എൻഫോഴ്സ്മെന്